# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -4221 24.06.2019-ലെ മറുപടി

## മണലൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന ജലവിതരണ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മുരളി പെരുനെല്ലി | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയിൽ ഉൾപ്പെടുത്തി മണലൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന ജലവിതരണ പദ്ധതികൾ ഏതെല്ലാമാണെന്നും പ്രസ്തുത ഓരോ പദ്ധതിയും പ്രാവർത്തിക മാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ; | (എ)<br>&<br>(ബി) | കിഫ്ബിയിൽ ഉൾപ്പെടുത്തി മണലൂർ മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ജലവിതരണ പദ്ധതികളും അവയുടെ വിശദാംശങ്ങളും അനുബന്ധം-1 ൽ ചേർക്കുന്നു. |
| (ബി) | വാട്ടർ സപ്ലൈ സ്കീം ഇൻ 10 മുനിസിപ്പാലിറ്റീസ് എന്ന പദ്ധതിയിൻ കീഴിൽ തൃശ്ശൂർ കോർപ്പറേഷനിൽ നടപ്പാക്കുന്ന പദ്ധതിയുടെയും ഓഗ് മെന്റേഷൻ ഓഫ് സി.ഡബ്ല്യു.എസ്.എസ്.റ്റു നാട്ടിക ഫർക്ക ഫേസ്-1 എന്നീ പദ്ധതിയുടെയും വിശദാംശങ്ങൾ നൽകാമോ; പ്രസ്തുത പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ? | | |

Renuka Sankar
സെക്ഷൻ ഓഫീസർ

| കിഫ്ബിയിൽ ഉൾപ്പെടുത്തി മണലൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന ജലവിതരണ പദ്ധതികൾ | | | |
|---|---|---|---|
| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അനുമതി ലഭിച്ച തുക (കോടി) | തൽസ്ഥിതി |
| 1 | തൃശ്ശൂർ കോർപ്പറേഷനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ഒന്നാം ഘട്ടം | 185 | 2016-17 ലെ പുതുക്കിയ ബഡ്ജറ്റിൽ ഉൾപ്പെടുത്തി കിഫ്ബി സാമ്പത്തിക സഹായത്തോടെ തൃശ്ശൂർ ജില്ലയിൽ അനുവദിച്ച പദ്ധതിയായ തൃശ്ശൂർ കോർപ്പറേഷനും സമീപ **പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ഒന്നാം** ഘട്ടത്തിന് 185 കോടി രൂപയുടെ ഭരണാനുമതി 11/01/2017 ൽ ലഭിച്ചിരുന്നു. പ്രസ്തുത പദ്ധതിയിൽ പ്രതിദിനം 100 ദശലക്ഷം ശുദ്ധീകരണ ശേഷിയുള്ള ജല ശുദ്ധീകരണ ശാലയും ജലസംഭരണികളും അനുബന്ധ ഘടകങ്ങളും ഉൾപ്പെട്ടിരുന്നു. സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമായ തുക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. ശുദ്ധീകരണശാലയ്ക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് 16/12/2017 ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ നിർദ്ദിഷ്ട സ്ഥലത്ത് ഒരു ഭാഗം തണ്ണീർത്തട സംരക്ഷണ നിയമത്തിന് കീഴിൽ വരുന്നതായിരുന്നു. ഇതേ സമയത്തുതന്നെ 2018ലെ പ്രളയത്തിൽ ഈ ഭാഗം പൂർണമായും (5 മീറ്റർ പൊക്കത്തിൽ) വെള്ളത്തിൽ മുങ്ങിക്കിടക്കുന്ന അവസ്ഥ ഉണ്ടായി. ആയതു കൊണ്ട് പദ്ധതിനിർവഹണത്തിനായി ജലശുദ്ധീകരണശാല നിർമ്മിക്കുന്നതിന് യോഗ്യമായ മറ്റൊരു സ്ഥലം കണ്ടെത്തേണ്ട സാഹചര്യം സംജാതമായി. പകരം അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന് പുതുക്കിയ സർക്കാർ ഉത്തരവ് ലഭ്യമാക്കുന്നതിനായി ലഭിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. സർക്കാരിൽ സമർപ്പിച്ചിട്ടു നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂമി ലഭ്യമാക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്. |
| 2 | നാട്ടിക ഫിർക്ക കുടിവെള്ള പദ്ധതി | 69.96 | 2017-18 ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച നാട്ടിക ഫിർക്ക കുടിവെള്ള പദ്ധതിയ്ക്ക് 69.96 കോടി രൂപയുടെ അനുമതി 19/11/2018 ൽ കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |

Renuka Sankar